**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷണ വിതരണ ജീവനക്കാരുടെ വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ സ്വിഗ്ഗി ഭക്ഷണ വിതരണ ജീവനക്കാരുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വിഗ്ഗി ഫുഡ് ഓൺലൈൻ ഡെലിവറി വർക്കേഴ്സിന്റെ സമരം സംബന്ധിച്ചിട്ടുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എറണാകുളം ജില്ലാ ലേബർ ഓഫീസർ ടി വിഷയത്തിൽ ഇടപെടുകയും 14.11.2022-ന് വ്യവസായ തർക്ക നിയമപ്രകാരം ബന്ധപ്പെട്ട കക്ഷികളുടെ അനുരഞ്ജന ചർച്ച വിളിച്ചുചേർക്കുകയും ചെയ്തു. ടി ചർച്ചയിൽ സമവായമാകാത്തതിനെ തുടർന്ന് വിഷയത്തിന്റെ പ്രാധാന്യവും തർക്ക കക്ഷികളുടെ താൽപര്യവും മാനിച്ച് വിഷയം ഉന്നതതല ഇടപെടലിനായി എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് കൈമാറുകയും ടി വിഷയത്തിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ 18.11.2022 തീയതിയിൽ അനുരഞ്ജന ചർച്ച നടത്തിയിട്ടുള്ളതുമാണ്. ആയതിൽ തീരുമാനമാകാത്തതിനാൽ 03.12.2022 തീയതിയിൽ നടന്ന ചർച്ചയും തീരുമാനമാകാതെ പിരിഞ്ഞു. പ്രശ്നപരിഹാരത്തിന് തുടർചർച്ച നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സ്വീകരിക്കും. തിരുവനന്തപുരം ജില്ലയിൽ ഇതേ വിഷയത്തിൽ ലേബർ കമ്മീഷണർ ഇടപെടുകയും തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൽ വർദ്ധനവ് വരുത്തി ഒത്തു തീർപ്പാകുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ ഈ വിഷയത്തിൽ തീരുമാനം ആകാതെ വരുന്ന സാഹചര്യത്തിൽ ലേബർ കമ്മീഷണർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ